**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ.1253 11.06.2019 -ൽ മറുപടിയ്ക്ക്.

## ആധാരം രജിസ്ട്രേഷന് ബയോമെട്രിക് സംവിധാനം

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | ഉത്തരം<br>ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം എത്രയാണെന്നും ഇതുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വകുപ്പിന് ലഭ്യമായ തുക എത്രയാണെന്നും അറിയിക്കുമോ; | (എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ 878270 എണ്ണം ആധാരങ്ങൾ രജിസ്റ്റർ ചെയ്തു. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 2419.74 കോടി രൂപ വകുപ്പിന് ലഭിച്ചു. |
| (ബി) ഇത് 2017-18 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണോ കുറവാണോ; വ്യക്തമാക്കുമോ; | (ബി) 2017-18 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ആധാരങ്ങളുടെ എണ്ണത്തിൽ 20329 എണ്ണത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 140.95 കോടി രൂപ വകുപ്പിന് കൂടുതൽ പിരിച്ചെടുക്കുവാൻ സാധിച്ചു . |
| (സി) സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷത്തിനിടെ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണ്; | (സി) 1847 പേർ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തു. |
| (ഡി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിലെ മഷി പുരട്ടൽ അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**